# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1772 | 04.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ കമ്മോഡിറ്റികളും ആയതിന്റെ പരിധിയിൽ വരുമോ; ഇതിനായി കേരളം പ്രത്യേകം കമ്മോഡിറ്റി ലിസ്റ്റ് നൽകേണ്ടതിന്റെ ആവശ്യകത വരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | നികുതി വിധേയ ചരക്കുകളുടേയും സേവനങ്ങളുടേയും പട്ടിക ഇതുവരെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ചരക്കുകളും സേവനങ്ങളും അവയുടെ നികുതി നിരക്കുകളും നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥ തലത്തിലുള്ള fitment committee രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി കൗൺസിൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്. സംസ്ഥാനങ്ങൾക്ക് പ്രത്യേകം കമ്മോഡിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ കഴിയില്ല. |
| (ബി) | പ്രസ്തുത നടപടി കേരളത്തിന്റെ നികുതി വരുമാന വർദ്ധനവിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ? | (ബി) | ജി.എസ്.ടി കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും ചരക്ക സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയായതിനാലും ചരക്കുകളിൻമേലും സേവനങ്ങളിൻ മേലുമുള്ള നികുതി പിരിക്കുവാനുള്ള അവകാശം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിനാലും കേരളത്തിന് നികുതി വരുമാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ